# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)


## തൃശ്ശൂർ


**E mail: kauagmet@yahoo.co.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 03/17, ചൊവ്വാഴ്ച** **തീയ്യതി 17.01.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 33.8 മുതൽ 34.2 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 19.4 മുതൽ 22.7 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 62 മുതൽ 89 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 31 മുതൽ 42 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.2 മുതൽ 6.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 7.9 മുതൽ 9.3 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 2.9 മുതൽ 5.1 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 18.01.2017 | 19.01.2017 | 20.01.2017 | 21.01.2017 | 22.01.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 21 | 21 | 21 | 21 | 21 |
| മേഘവ്യാപ്തി (ഒക്ട) | 3 | 3 | 3 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 35 | 35 | 35 | 35 | 35 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 290 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന, ഉമ, പൊൻമണി) | കൊയ്ത്തു പരുവം | മുണ്ടകൻ കൊയ്ത്തു തുടരുന്നു. രണ്ടാം വിളയ്ക്കു ശേഷം വെള്ളമുണ്ടെങ്കിൽ പയറോ പച്ചക്കറിയോ നടാം. ഇത് മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുകയും തുടർന്നുള്ള കൃഷിയിൽ നെല്ലിന്റെ കീടരോഗബാധ കുറയ്ക്കുകയും ചെയ്യും |
| വാഴ | പുതയിടൽ | വാഴത്തടത്തിൽ പുതയിടുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. |
| തെങ്ങ് | വെള്ളീച്ച/കരിമ്പൂപ്പ് | തെങ്ങുകളിൽ വെള്ളീച്ചയുടെ ആക്രമണം മൂലം ഓലകളിൽ കരിമ്പൻപ്പോലെ കാണപ്പെടുന്ന രോഗമാണ് കരിമ്പൂപ്പ്. ഇതിന് പ്രതിവിധിയായി നേർപ്പിച്ച കഞ്ഞിവെള്ളം അല്ലെങ്കിൽ കഞ്ഞിപ്പശ 1% വീര്യത്തിൽ ഓലകളിൽ തളിക്കുക. |
| പച്ചക്കറികൾ | നടീൽ പരുവം | കൊയ്തൊഴിഞ്ഞ പാടങ്ങളിൽ മതിയായ ഈർപ്പവും സൂര്യപ്രകാശവും ഉണ്ടെങ്കിൽ പച്ചക്കറി കൃഷിക്ക് നിലം തയ്യാറാക്കാം. വെണ്ട, വെള്ളരി വർഗ്ഗ വിളകളുടെ വിത്തുകൾ നേരിട്ടും മുളക്, വഴുത, തക്കാളി വിത്തുകൾ പാതി കിളിർപ്പിച്ച ശേഷം ഇളക്കി മാറ്റി നടുകയും വേണം. തൈകൾക്ക് ക്രമമായ തണലും നനയും നൽകണം. അടിവളമായി ജൈവവളം ചേർക്കണം. |